Page 1 of 1

ലഭ്യമായ കേന്ദ്ര ഫണ്ട് എത്ര; പ്രസ്തുത ഫണ്ടിൽ നിന്നും എത്ര തുക വിനിയോഗിച്ചുവെന്നും ആയത് മോണിറ്റർ ചെയ്യാറുണ്ടോയെന്നും വിശദമാക്കാമോ;

(ബി) 2014-15 മുതൽ 2017-18 വരെ ഏതെങ്കിലും കേന്ദ്ര ഫണ്ട് പൊതു മേഖലാ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ;വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ലോക പരിസ്ഥിതി ദിനാഘോഷം**

24 (T3147) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ ലോക പരിസ്ഥിതി ദിനാഘോഷങ്ങളോടനുബന്ധിച്ച് പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും പരസ്യം നൽകിയ വകയിൽ എത്ര തുക ചെലവഴിച്ചു; വെളിപ്പെടുത്തുമോ;

(ബി) 2017 ജൂൺ 5-ന്റെ പത്രപ്പരസ്യത്തിന് ചെലവായ തുക എത്രയാണെന്നറിയിക്കുമോ;

(സി) പ്രസ്തുത പരസ്യങ്ങൾ ഹരിത കേരള മിഷൻ വഴിയാണോ നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2017-ലെ ലോക പരിസ്ഥിതി ദിനാഘോഷങ്ങളോടനുബന്ധിച്ച് ദൃശ്യമാധ്യമങ്ങളിൽ പരസ്യം നൽകിയ വകയിൽ തുക ചെലവഴിച്ചിട്ടില്ല. പത്രപ്പരസ്യത്തിനായി 3,94,36,691 രൂപ (മൂന്ന് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി മുപ്പത്തറായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റൊന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) അല്ല.

**കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നൽകിയ അപേക്ഷകളിൽ നടപടി**

25 (3148) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണത്തിനുള്ള അനുമതിയ്ക്കായി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നൽകിയ അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളവ എത്ര; വ്യക്തമാക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly